7196
24/7/14

**കേരള സർക്കാർ**

പൊതുഭരണ (അക്കൗണ്ട്സ്-ജി)വകുപ്പ്

നമ്പർ. 55166/അക്കൗ.ജി3/14/പൊ.ഭ.വ

തിരുവനന്തപുരം,
തീയതി : 19.07.2014

## സർക്കുലർ

വിഷയം: ഗവൺമെന്റ് സെക്രട്ടേറിയറ്റ് - പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പ് - 2014-15 വർഷത്തെ ആദായ നികുതി ശമ്പളത്തിൽ നിന്നും മുൻകൂറായി ഈടാക്കുന്നത് - സംബന്ധിച്ച്.

---

സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന്റെ നിർദ്ദേശമനുസരിച്ച് ആദായ നികുതിദായകരിൽ നിന്നും എല്ലാ മാസവും ആദായ നികുതി ഈടാക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യാത്ത പക്ഷം, ആദായ നികുതി നിയമപ്രകാരം ശിക്ഷാ നടപടികൾക്ക് വിധേയ രാകുന്നതാണ്. ആയതിനാൽ എല്ലാ നികുതിദായകരും 2014-15 വർഷം (2014 മാർച്ച് മുതൽ 2015 ഫെബ്രുവരി വരെ) അവർക്ക് ലഭിക്കുന്ന വരുമാനവും ആയതിൽ നിന്നും നിയമപ്രകാരം ലഭിക്കേണ്ടുന്ന കിഴിവുകളും കണക്കാക്കി നികുതി സ്റ്റേറ്റ്മെന്റ് പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിലെ അതാത് ബില്ലിംഗ് സീറ്റിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം, കഴിഞ്ഞ വർഷം ആദായ നികുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നികുതി ബാദ്ധ്യത കണക്കാക്കി, ഓരോ മാസവും നിശ്ചിത തുക നികുതി പിടിക്കുന്നതും, അന്തിമ നികുതി ബാദ്ധ്യത കണക്കാക്കുമ്പോൾ ബാക്കി വരുന്ന നികുതി ബാദ്ധ്യത ഒറ്റത്തവണയായി ശമ്പളത്തിൽ നിന്നും ഈടാക്കുന്നതുമാണ്. നികുതിദായകർക്ക് സാമ്പത്തിക പ്രയാസമുണ്ടാകാതിരിക്കാൻ കൃത്യമായ നികുതി കണക്കാക്കി മാസ ഗഡുക്കളായി ശമ്പളത്തിൽ നിന്നും ഈടാക്കാനുള്ള നിർദ്ദേശത്തോട് സഹകരിക്കേണ്ടതാണ്.

2. പാർലമെന്റിന്റെ അംഗീകാരത്തിനു വിധേയമായി ഈ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിൽ വരുമാന നികുതിക്ക് നൽകിയിരിക്കുന്ന ഇളവുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| (1) പൂർണ്ണമായും നികുതി ഒഴിവാക്കിയിട്ടുള്ള വരുമാനം | 2,50,000/- രൂപ |
| (2) 80 (സി) പ്രകാരം സമ്പാദ്യങ്ങൾക്കുള്ള കിഴിവ് | 1,50,000/- രൂപ |

3. സ്വന്തം പേരിലുള്ള ഭവന വായ്പയുടെ പലിശയ്ക്കുള്ള കിഴിവ് 2,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കെ.ആർ.ജ്യോതിലാൽ,**
സെക്രട്ടറി.

മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടേയും നിയമം, ധനകാര്യം ഒഴികെയുള്ള എല്ലാ സെക്രട്ടറിമാരുടേയും ഓഫീസിലേക്ക്
പൊതുഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
ഇൻഫർമേഷൻ ആന്റ് പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Mini T.R.

സെക്ഷൻ ഓഫീസർ.